ഉത്തരം

(എ) 1960-61-ൽ

(ബി) ധനദൗർലഭ്യം നിമിത്തം.

(സി, ഡി) ഉണ്ട്. പ്രസ്തുത ജോലിക്ക് വേണ്ടതായ എസ്റ്റിമേറ്റ് തയാറായിട്ടുണ്ട്.

(ഇ) ധനദൌർലഭ്യംകാരണം ഈ ജോലി ഇപ്പോൾ നടത്താൻ നിവൃത്തി ഹമില്ല.

ഭാരതപ്പുഴയിൽ പറളിയിലുള്ള പാലത്തിന്റെ പണി

198. [10] ശ്രീ. എം. വി. വാസു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയ്ക്ക് മേൽ പറളിയിലുള്ള പുഴപ്പാലം 1962-ലെ കാലവർഷക്കാലത്ത് കേട് പറ്റുകയും ഗതാഗതം നിയന്ത്രിക്കേണ്ടിവരികയും ചെയ്തുവെന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) മൂന്നാം പഞ്ചവത്സരപദ്ധതി അവസാനിക്കുന്ന ഈ ഘട്ടത്തിലെങ്കിലും ഒരു എമർജൻസി മെഷർ എന്ന നിലയ്ക്കുള്ള ഈ പാലത്തിന്റെ പണി ഏറ്റെടുക്കുമോ;

(സി) ഇല്ലെങ്കിൽ ഈ പാലത്തിന്റെ പണി എപ്പോൾ ഏറ്റെടുക്കുമെന്നും എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്നും പറയാമോ?

ഉത്തരം

(എ) പ്രസ്തുത പാലം 1961-ലെ വെള്ളപ്പൊക്കംകൊണ്ട് അപകടം ഒഴിവാക്കുവാൻവേണ്ടി ഗതാഗതം നിയന്ത്രിക്കേണ്ടിവന്നിട്ടുണ്ട്. വെള്ളപ്പൊക്കംകൊണ്ട് പാലത്തിനു പ്രത്യേക കേടുപാടു സംഭവിച്ചിട്ടില്ല.

(ബി) പാലത്തിന്റെ പുനരുദ്ധാരണത്തിനുവേണ്ടിയുള്ള അന്വേഷണങ്ങൾ നടക്കുകയാണ്. ധനദൗർലഭ്യം നിമിത്തം ഈ പാലംപണി ഈ പഞ്ചവത്സരപദ്ധതിയിൽ ഏറ്റെടുക്കുവാൻ നിവൃത്തിയില്ല.

(സി) തൽക്കാലം പറയാൻ നിവൃത്തിയില്ല.

Kalleppully Narugampulli Road

199. [11] **Shri M. V. Vasu :** Will the Minister for Public Works be pleased to State:

(a) Whether the Government have received a memorandum from the Young Men's Association, Kottekkad, Palghat regarding the repair of Kalleppully Narugampully Road and the Reconstruction of the Canal Bridge at Thekkoni and

(b) If so, what action has been taken on it?

Answer

(a) Yes.

(b) Consequent on the abolition of the Malabar District Board, the road was transferred to the control of the local Panchayat along with the materials collected for its improvements. Further action for the improvement of the road is the responsibility of the Panchayat.

LIBRARY ARCHIVES Kerala Legislative Assembly